# PLUS TWO COMPUTER APPLICATION ( HUMANITIES )

**18+ Target Study Material ( prepared by : Nikhil Vinayak )**

## 5 Mark Questions

**1.*DBMS നിർവചിക്കുക* DBMSന്റെ *നേട്ടങ്ങൾ* ചുരുക്കി വിവരിക്കുക**

***DBMS നിർവചിക്കുക***

ഡാറ്റാബേസിൽ ഡാറ്റയെ സ്റ്റോർ ചെയ്യുന്നതിനും,എടുക്കുന്നതിനും,കൈകാര്യം ചെയ്യുന്നതിനും ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ ടൂളാണ്. ഉദാ:MySQL

**DBMSന്റെ *നേട്ടങ്ങൾ***

- ഡാറ്റ റിഡൻഡൻസി നിയന്ത്രിക്കുന്നു
- ഡാറ്റ കൺസിസ്റ്റൻസി
- എഫിഷ്യന്റ് ഡാറ്റ ആക്സസ്
- ഡാറ്റയുടെ ഇന്റെഗ്രിറ്റി
- ഡാറ്റ സെക്യൂരിറ്റി
- ഷെയറിങ് ഓഫ് ഡാറ്റ

**2. *Mail Merge* നിർവചിക്കുക. Mail Merge ഉൾപ്പെട്ടിരിക്കുന്ന *ഘട്ടങ്ങൾ* എഴുതുക.**

**മെയിൽ മെർജ് Mail merge**

ഒരു പ്രധാന ഡോക്യൂമെന്റിനെ ഒരു കൂട്ടം ഡാറ്റയുമായോ ഡാറ്റാ സ്രോതസ്സുകളുമായോ ലിങ്ക് ചെയ്തുകൊണ്ട് കത്തുകളും, മെയിലിംഗ് ലേബലുകളും എൻവലപ്പുകളും സൃഷ്ടിക്കാൻ മെയിൽ മെർജ് ഉപയോഗിക്കുന്നു.

***മെയിൽ മെർജ് പ്രോസസ്സിന്റെ ഘട്ടങ്ങൾ***

Step 1 :Select starting document / ആരംഭിക്കുന്ന ഡോക്യുമെന്റ് തിരഞ്ഞെടുക്കുക
Step 2: Select document type / ഡോക്യുമെന്റ് ടൈപ്പ് തിരഞ്ഞെടുക്കുക
Step 3: Insert address book / അഡ്രസ് ബുക്ക് ചേർക്കുക
Step 4 :Create salutation / സല്യൂട്ടേഷൻ തയ്യാറാക്കുക
Step 5: Adjust layout / ലേഔട്ട് ക്രമീകരിക്കുക
Step 6 : Edit documents / ഡോക്യുമെന്റ്കൾ എഡിറ്റ് ചെയ്യുക
Step 7: Personalize documents / ഡോക്യുമെന്റ്കൾ വ്യക്തിഗതമാക്കുക
Step 8: Save, print or send / സേവ്, പ്രിന്റ് ചെയ്യുക അല്ലെങ്കിൽ അയയ്ക്കുക

**3.HTML-ലെ ഏതെങ്കിലും രണ്ടു *ലിസ്റ്റ്* ലഘുവായി വിശദീകരിക്കുക.**

**3.1. അൺ ഓർഡേർഡ് ലിസ്റ്റ് -** ഓർഡർ ചെയ്യാത്ത ലിസ്റ്റുകൾ ബുള്ളറ്റുകൾ കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു.

**< UL>** ടാഗ് ഉപയോഗിച്ചാണ് ഓർഡർ ചെയ്യാത്ത ലിസ്റ്റുകൾ സൃഷ്ടിക്കുന്നത്.

**<LI >** ടാഗിനുള്ളിൽ ഓരോ ലിസ്റ്റ് ഇനങ്ങൾ എഴുതുന്നു.

ഉദാഹരണം :
```
<UL>
  <LI>RAM</LI>
  <LI>ROM</LI>
</UL>
```
Output
- RAM
- ROM

**3.2. ഓർഡേർഡ് ലിസ്റ്റ് -** നമ്പർ,റോമൻ നമ്പർ,അക്ഷരങ്ങൾ കൊണ്ട് ഓർഡർ ചെയ്ത് അടയാളപ്പെടുത്തിയിരിക്കുന്നു.

**< OL>** ടാഗ് ഉപയോഗിച്ചാണ് ഓർഡർ ചെയ്ത ലിസ്റ്റുകൾ സൃഷ്ടിക്കുന്നത്.

**<LI >** ടാഗിനുള്ളിൽ ഓരോ ലിസ്റ്റ് ഇനങ്ങൾ എഴുതുന്നു

ഉദാഹരണം :
```
<OL>
  <LI>RAM</LI>
  <LI>ROM</LI>
</OL>
```
Output
1. RAM
2. ROM

TEACHBOOK.IN

# 3 Mark Questions

## Chapter 1 :

1. ഡിസൈനിങ്ങിലെ (പബ്ലിഷിങ്ങിലെ) ഏതെങ്കിലും ഘടകങ്ങൾ (elements ) വിശദീകരിക്കുക?

**ANS :** ലൈൻ, ഷെയ്പ്, കളർ, സ്പേസ്, ടൈപ്പോഗ്രഫി

2. ഡിസൈനിങ്ങിലെ (പബ്ലിഷിങ്ങിലെ) തത്വങ്ങൾ ( പ്രിൻസിപ്പിൾസ് ഓഫ് ഡിസൈൻ ) വിശദീകരിക്കുക?

**ANS :** ബാലൻസ്, റീപെറ്റീഷൻ, കോൺട്രാസ്റ്റ് , ഹാർമണി, യൂണിറ്റി , ഡൊമിനൻസ്

3. പബ്ലിഷിങ്ങിലെ വ്യത്യസ്ത തരം പ്രിന്റിങ് പ്രക്രിയകൾ ഏതെല്ലാം?

**ANS** : ലിത്തോഗ്രാഫിക് പ്രിന്റിങ്,ഡിജിറ്റൽ പ്രിന്റിങ്,ഗ്രേവിയർ പ്രിന്റിങ്,ഫ്ലെക്സോഗ്രാഫി,സ്ക്രീൻ പ്രിന്റിങ്

4. പബ്ലിഷിങ്ങിലെ പോസ്റ്റ് പ്രസ്സിന്റെ വിവിധ ഘട്ടങ്ങൾ ചുരുക്കി വിശദീകരിക്കുക?

**ANS** :

- ഫോൾഡിങ് : പ്രിന്റ് ചെയ്തു വന്ന പേജുകളെ മടക്കുന്ന രീതി..
- അസ്സംബ്ലിങ് : പ്രിന്റ് ചെയ്ത എല്ലാ പേജുകളും ക്രമത്തിൽ കൂട്ടിച്ചേർക്കുന്നു.
- ****ബൈൻഡിങ് : ഹാൻഡ് കവർ,സ്പൈറൽ,തെർമൽ ,സ്റ്റിച്ചേഡ് എന്നിവ**
- കട്ടിങ് :പേജുകളിലെ ക്രോപ് മാർക്കിനെ പേജുകൾ മുറിച്ചുമാറ്റുന്നു.

5. ഇലക്ട്രോണിക് പബ്ലിഷിങ് എന്നാൽ എന്ത്? രണ്ടുതരം ഇലക്ട്രോണിക് പബ്ലിഷിംഗ് ഏതെല്ലാം ?

**ANS :** ഇ-ബുക്കുകൾ, ഡിജിറ്റൽ മാസികകൾ എന്നിവയുടെ ഡിജിറ്റൽ പ്രസിദ്ധീകരണമാണിത്.

2 തരം ഇലക്ട്രോണിക് പബ്ലിഷിംഗ് : വെബ് ബേസ്ഡ് പബ്ലിഷിംഗ്, ഡിജിറ്റൽ ഡിസ്ട്രിബ്യൂഷൻ / ഡിജിറ്റൽ പബ്ലിഷിംഗ്

## Chapter 2 :

1. വേഡ് പ്രോസസറുകളുടെ സവിശേഷതകൾ ചുരുക്കി വിശദീകരിക്കുക?

**ANS :** സ്പീഡ് : ഡോക്യുമെന്റ് വേഗത്തിൽ തയ്യാറാക്കാം.

എഡിറ്റിംഗ് : വാചകം ചേർക്കൽ,ഇല്ലാതാക്കൽ, പകർത്തൽ തുടങ്ങിയ പ്രക്രിയ.

ടേബിൾ : ഡാറ്റകളെ വരിയും നിരയുമുള്ള ടേബിളുകൾ ആയി അവതരിപ്പിക്കാം.

2. writer ലെ 'Cut-paste', 'Copy-paste' താരതമ്യം ചെയ്യുക?

ANS :

| **കട്ട്-പേസ്റ്റ് ( Cut-Paste )** | **കോപ്പി-പേസ്റ്റ് ( Copy Paste )** |
|---|---|
| ടെക്സ്റ്റ് ഡ്യൂപ്ലിക്കേറ്റ് ചെയ്യുന്നില്ല | ടെക്സ്റ്റ് ഡ്യൂപ്ലിക്കേറ്റ് ചെയ്യുന്നു. |
| ടെക്സ്റ്റ് ഡെസ്റ്റിനേഷനിൽ മാത്രം കാണുന്നു. | ടെക്സ്റ്റ് സോഴ്‌സിലും ഡെസ്റ്റിനേഷനിലും കാണുന്നു. |
| ടെക്സ്റ്റിനെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് നീക്കുന്നു. | ടെക്സ്റ്റിന്റെ കോപ്പി മറ്റൊരു സ്ഥലത്തു എത്തിക്കുന്നു. |

4. റൈറ്റർ IDE യിലെ ഘടകങ്ങൾ ഏതെല്ലാം?

**ANS** : ടൈറ്റിൽ ബാർ, .മെനു ബാർ, ടൂൾ ബാർ, സ്ക്രോൾ ബാർ, റൂളർ, സ്റ്റാറ്റസ് ബാർ,ടെക്സ്റ്റ് ഏരിയ

5. Drop caps എന്നാൽ എന്ത്? writer-ൽ ഉൾപെടുത്തുന്നതിനുള്ള മാർഗങ്ങൾ ഏതെല്ലാം?

**ANS** :ആദ്യ പാരഗ്രാഫിലെ ആദ്യ അക്ഷരം, രണ്ടോ അതിലധികമോ വരികളുടെ ഉയരം എടുത്തേക്കാം.

Step 1 : പാരഗ്രാഫിൽ കഴ്‌സർ സ്ഥാപിക്കുക

Step 2 :പാരഗ്രാഫ് ഡയലോഗ് ബോക്സ് തുറന്ന് ഡ്രോപ്പ് ക്യാപ്സ് ടാബ് തിരഞ്ഞെടുക്കുക.

Step 3 :ഡ്രോപ്പ് ക്യാപ്സ് ചെയ്യേണ്ട അക്ഷരങ്ങളുടെ എണ്ണം ,സ്പാൻ ചെയ്യേണ്ട വരികളുടെ എണ്ണം നൽകുക.

Step 4 :Ok ബട്ടൺ ക്ലിക്ക് ചെയ്യുക.

## Chapter 3 :

1. എന്താണ് വാട്ടർമാർക്? വാട്ടർമാർക് ഉൾപ്പെടുത്തുന്ന വിധം ?

**ANS :** ഡോക്യൂമെന്റിന്റെ ബാക്ക്ഗ്രൗണ്ടിൽ കാണുന്ന വാചകത്തെ വാട്ടർമാർക്ക് എന്ന് വിളിക്കുന്നു.ഡോക്യൂമെന്റിനെ pdf ആയി എക്സ്പോർട്ട് ചെയ്യുന്ന സമയത്തു മാത്രമേ വാട്ടർമാർക് ഉൾപെടുത്താൻ സാധിക്കു.

Step 1 : ഡോക്യുമെന്റ് ഓപ്പൺ ചെയ്യുക. File - > Export as PDF സെലക്ട് ചെയ്യുക.

Step 2: വാട്ടർമാർക് ടൈപ്പ് ചെയ്യുക.Click Export & ഫയലിന്റെ പേര് നൽകി സേവ് ചെയ്യുക.

TEACHBOOK.IN

2. ലിബ്രെ ഓഫീസ് writer ഡോക്യുമെന്റിൽ ഉൾപ്പെടുത്താവുന്ന 3 തരം ഗ്രാഫിക് ഉള്ളടക്കം ഏതെല്ലാം ?

**ANS** : ചിത്രങ്ങൾ, ചാർട്ടുകൾ, ഷേപ്പ്(ഡ്രോയിംഗ് ടൂളുകൾ)

**Chapter 4 :**

1.സ്റ്റാറ്റിക് & ഡൈനാമിക് വെബ് പേജുകൾ തമ്മിലുള്ള വ്യത്യാസം?

**ANS:**

| **സ്റ്റാറ്റിക് വെബ് പേജുകൾ** | **ഡൈനാമിക് വെബ് പേജുകൾ** |
|---|---|
| വെബ് പേജിന്റെ ഉള്ളടക്കവും ലേഔട്ടും സ്ഥിരമായിരിക്കും. | ഉള്ളടക്കവും ലേഔട്ടും മാറിക്കൊണ്ടിരിക്കും |
| ഡാറ്റാബേസ് ഉപയോഗിക്കുന്നില്ല. | ഡാറ്റാബേസ് ഉപയോഗിക്കുന്നു. |
| വെബ് പേജുകൾ വികസിപ്പിക്കാൻ എളുപ്പമാണ് | വെബ് പേജുകൾ വികസിപ്പിക്കാൻ പ്രയാസമാണ്. |

2. <BODY> ടാഗിന്റെ ഏതെങ്കിലും 6 attributes എഴുതുക?

**ANS :** Bgcolor, Background, Text, Link, Vlink, Alink

3. <HTML> ടാഗിന്റെ 2 attributes ഏതെല്ലാം? അതിന്റെ ഉപയോഗം എഴുതുക?

**ANS :** (1)Lang : വെബ് പേജിലെ ഭാഷ വ്യക്തമാക്കാൻ

(2) Dir : വെബ് പേജിൽ പ്രദർശിപ്പിക്കേണ്ട വാചകത്തിന്റെ ദിശ വ്യക്തമാക്കാൻ

4. HTML ന്റെ അടിസ്ഥാന ഘടന എഴുതുക?

```
<html>
        <head> <title>പേജിന്റെ തലക്കെട്ട് ഇതിൽ നൽകുന്നു</title> </head>
        <body> വെബ് പേജിൽ കാണുന്ന ഉള്ളടക്കം ഇതിൽ നൽകുന്നു</body>
</html>
```

**Chapter 5:**

1. <TABLE> ടാഗിന്റെ ആട്രിബ്യൂട്ടുകൾ ലിസ്റ്റ് ചെയ്യുക?

ANS : border,width, height, align, bgcolor, cellspacing

**Chapter 6:**

1. CSS-ലെ സെക്ടർ എന്നാൽ എന്ത്? വിവിധ തരം സെലെക്ടറുകൾ ലിസ്റ്റ് ചെയ്യുക?

**ANS : Selector** : സ്റ്റൈൽ റൂൾ അപ്ലൈ ചെയ്യുന്ന HTML എലെമെന്റാണ് സെലക്ടർ.

യൂണിവേഴ്സൽ സെലക്ടർ , ടൈപ്പ് സെലക്ടർ,ക്ലാസ് സെലക്ടർ, ഐഡി സെലക്ടർ

**Chapter 7 :**

1. ഇനി പറയുന്നവ നിർവചിക്കുക : (a) Free ഹോസ്റ്റിങ് (b) CMS (c) Responsive web design ?

**ANS :** ( a ) **ഫ്രീ ഹോസ്റ്റിംഗ് :** വെബ് പേജുകൾ യാതൊരു ചെലവും കൂടാതെ ഹോസ്റ്റ് ചെയ്യാൻ സാധിക്കുന്നു.

( b )**കണ്ടെന്റ് മാനേജ്മെന്റ് സിസ്റ്റം :** ഡൈനാമിക് വെബ്സൈറ്റുകൾ നിർമിക്കുക,നിയന്ത്രിക്കുക,പബ്ലിഷ് ചെയ്യുന്നതിനുള്ള വെബ് സോഫ്റ്റ്‌വെയർ ടൂൾ. ഉദാഹരണം : **WordPress, Drupal, Joomla**

**( c ) റെസ്പോൺസീവ് വെബ് ഡിസൈൻ:** സ്ക്രീൻ വലിപ്പം പരിഗണിക്കാതെ എല്ലാ ഡിവൈസുകളിലും ഒരേപോലെ വെബ്സൈറ്റ് ദൃശ്യമാക്കുന്നതിനായി ഉപയോഗിക്കുന്നു.

2. Shared hosting ഉം dedicated hosting ഉം താരതമ്യം ചെയ്യുക?

**ANS :**

| Shared hosting | Dedicated hosting |
|---|---|
| കുറഞ്ഞ ചിലവ്, ചെറിയ വെബ്സൈറ്റുകൾക്ക് അനുയോജ്യം | ഉയർന്ന ചിലവ്, വലിയ വെബ്സൈറ്റുകൾക്ക് അനുയോജ്യം |
| CPU,RAM,STORAGE തുടങ്ങിയവ മറ്റു ക്ലയന്റുമായി പങ്കിടുന്നു. | CPU,RAM,STORAGE തുടങ്ങിയവ ഒരു ക്ലയന്റിന് മാത്രം |
| ട്രാഫിക് വർദ്ധിക്കുമ്പോൾ വേഗത കുറയാൻ സാധ്യതയുണ്ട് | ഉയർന്ന പ്രകടനം, വേഗതയേറിയ ലോഡിംഗ് സമയം |

3. FTP ക്ലയന്റ് സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം എന്ത്? ഉദാഹരണം എഴുതുക?

FTP ക്ലയന്റ് സോഫ്റ്റ് വെയർ : നമ്മുടെ കമ്പ്യൂട്ടറിൽ നിന്നുള്ള വെബ്സൈറ്റ് ഫയലുകളെ വെബ് സെർവറിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള സോഫ്റ്റ് വെയർ. ഉദാ **: FileZilla,CuteFTP, Smart FTP**

TEACHBOOK.IN

**Chapter 8:**

1. Database അഡ്മിനിസ്ട്രേറ്റർ ന്റെ കർത്തവ്യങ്ങൾ ( Duties of DBA )എന്തെല്ലാം ?

ANS : സ്കീമ ഡിസൈൻ ചെയ്യുന്നു, സെക്യൂരിറ്റി & ഓതറൈസേഷൻ,ഡാറ്റ അവൈലബിലിട്ടി & റിക്കവറി ഫ്രം ഫെയിലേർസ്

4. RDBMS-ൽ ഉപയോഗിക്കുന്ന കീ കളുടെ തരങ്ങൾ പട്ടികപ്പെടുത്തുക?

**ANS :** പ്രൈമറി കീ : ഒരു ടേബിളിലെ ഓരോ റെക്കോർഡിനെയും തനതായി തിരിച്ചറിയാൻ ഉപയോഗിക്കുന്നു.
ഫോറിൻ കീ : രണ്ട് ടേബിളുകൾ തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ ഉപയോഗിക്കുന്നു.
ആൾട്ടർനേറ്റ് കീ : ഒരു ടേബിളിലെ പ്രൈമറി കീ അല്ലാത്ത കാൻഡിഡേറ്റ് കീകൾ ആൾട്ടർനേറ്റ് കീയാണ്.

**Chapter 9 :**

1. SQL- ൽ ഇനി പറയുന്നവ ഘടകങ്ങൾ വിശദീകരിക്കുക : (a) DDL (b) DML (c) DCL ?

**ANS :** ( a ) ഡാറ്റ ഡെഫനിഷൻ ലാംഗ്വേജ് : ഡാറ്റാബേസിൽ ടേബിൾ നിർമിക്കുക, പരിഷ്കരിക്കാം,നീക്കം ചെയ്യാം
COMMANDS : CREATE TABLE,ALTER TABLE,DROP TABLE

( b ) ഡാറ്റ മാനിപുലേഷൻ ലാംഗ്വേജ് : ടേബിളിലേക്ക് പുതിയ റോകൾ കൂട്ടിച്ചേർക്കാം,നിലവിലെ റോകളെ പരിഷ്കരിക്കാം,റോകളെ നീക്കം ചെയ്യാം. COMMANDS : INSERT INTO, SELECT, UPDATE,DELETE

( C ) ഡാറ്റ കൺട്രോൾ ലാംഗ്വേജ് : ഡാറ്റാബേസിലേക്കുള്ള ആക്സസ് നിയന്ത്രിക്കാൻ ഉപയോഗിക്കുന്നു
COMMANDS : GRANT,REVOKE

2. SQL ൽ CHAR, VARCHAR എന്നീ ഡാറ്റ ടൈപ്പുകൾ താരതമ്യപെടുത്തുക?

**ANS :**

| CHAR | VARCHAR |
|---|---|
| ഇത് fixed length ഉള്ള സ്ട്രിംഗ് ഡാറ്റ ടൈപ്പാണ്. | ഇത് variable length ഉള്ള സ്ട്രിംഗ് ഡാറ്റ ടൈപ്പാണ്. |
| ഇതിൽ പരമാവധി 255 character സ്റ്റോർ ചെയ്യാം. | ഇതിൽ പരമാവധി 65535 character സ്റ്റോർ ചെയ്യാം. |
| മെമ്മറി അലോക്കേഷൻ സ്റ്റാറ്റിക്കാണ്. | മെമ്മറി അലോക്കേഷൻ ഡൈനാമിക് ആണ്. |

3. SQL-ലെ ഡാറ്റാടൈപ്പുകൾ വിശദീകരിക്കുക?

**ANS :** ടേബിളിന്റെ കോളത്തിൽ നൽകിയേക്കാവുന്ന വാല്യൂവിന്റെ ടൈപ്പ്

<u>ന്യൂമെറിക് ഡാറ്റ ടൈപ്പ് :</u> INTEGER പൂർണ്ണസംഖ്യകളെയും,DECIMAL ദശാംശ സംഖ്യകളെയും പ്രതിനിധീകരിക്കുന്നു.

<u>സ്ട്രിംഗ് (ടെക്സ്റ്റ് ) ഡാറ്റ ടൈപ്പ് :</u> CHARACTER അക്ഷരങ്ങളെയും, VARCHAR വാക്കുകളെ പ്രതിനിധീകരിക്കാൻ ഉപയോഗിക്കുന്നു.

<u>ഡേറ്റ്</u> തീയതികൾ സംഭരിക്കുന്നതിന് & <u>ടൈം ഡാറ്റ ടൈപ്പ്</u> സമയ മൂല്യങ്ങൾ സംഭരിക്കുന്നതിന്

4. SQL-ലെ 3 കോളം കൺസ്ട്രയിന്റ്സ് ലിസ്റ്റ് ചെയ്യുക?

ANS : NOT NULL, AUTO_INCREMENT,UNIQUE,DEFAULT,PRIMARY KEY,FOREIGN KEY

**Chapter 10 :**

1. മൊബൈൽ ആശയവിനിമയത്തിന്റെ ( മൊബൈൽ കമ്മ്യൂണിക്കേഷൻ സർവീസ് ) സേവനങ്ങൾ ഏതെല്ലാം?

**ANS :** ഷോർട് മെസ്സേജ് സർവീസ് ( SMS ) : മൊബൈൽ ഫോണുകൾ തമ്മിൽ പരമാവധി 160 അക്ഷരങ്ങൾ വരെയുള്ള ചെറിയ ടെക്സ്റ്റ് മെസ്സേജ് അയക്കാനുള്ള സംവിധാനം.

മൾട്ടീമീഡിയ മെസ്സേജിങ് സർവീസ് : മൾട്ടിമീഡിയ സന്ദേശങ്ങൾ അയയ്ക്കാനുള്ള സംവിധാനം.

ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം : ഉപഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ള നാവിഗേഷൻ സംവിധാനമാണ്.

സ്മാർട്ട് കാർഡുകൾ : മെമ്മറിയും പ്രോസസറും അടങ്ങുന്നചിപ്പോടുകൂടിയ പ്ലാസ്റ്റിക് കാർഡ്. ഉദാ : സിം കാർഡ്

2. എന്താണ് സൈബർ കുറ്റകൃത്യങ്ങൾ? വ്യക്തികൾക്കെതിരായ സൈബർ കുറ്റകൃത്യങ്ങൾ വിശദീകരിക്കുക?

**ANS :** സൈബർ കുറ്റകൃത്യം : കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവ ഉപയോഗിച്ചുള്ള ക്രിമിനൽ പ്രവർത്തനങ്ങൾ.

<u>വ്യക്തികൾക്കെതിരായ വിവിധ സൈബർ കുറ്റകൃത്യങ്ങൾ</u>

**ഐഡന്റിറ്റി തെഫ്റ്റ് :**ഒരാളുടെ യൂസർ നെയിം,പാസ്സ്‌വേർഡ് മോഷ്ടിക്കുക.

**ശല്യപ്പെടുത്തൽ :** വ്യക്തികൾക്കെതിരെയുള്ള അപമാനകരമായ കമന്റുകൾ പോസ്റ്റ് ചെയ്യുക.

**ആൾമാറാട്ടവും വഞ്ചനയും :** വ്യാജ അക്കൗണ്ടുകൾ നിർമിച്ചു മറ്റുള്ളവരെ ചതിക്കുന്നു.

**സ്വകാര്യതയുടെ ലംഘനം :** മറ്റുള്ളവരുടെ ഡാറ്റ,ഫോട്ടോ തുടങ്ങിയവ വിതരണം ചെയ്യുന്നു.

**അശ്ലീലമായവ പ്രചരിപ്പിക്കുക**: അശ്ലീല വീഡിയോ,ഫോട്ടോ വിതരണം ചെയ്യുക.

TEACHBOOK.IN

# 2 Mark Questions

**Chapter 1 :**

1. നിർവചിക്കുക : (a) പബ്ലിഷിംഗ്   (b) പ്രീഫ്ലൈറ്റിങ്

**ANS** : (a) പബ്ലിഷിംഗ് : വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം.
(b) പ്രീഫ്ലൈറ്റിങ് : പ്രിന്റിങ്ങിനു മുമ്പ് പേജുകൾ എല്ലാം കൃത്യമായിട്ട് ഉണ്ടോ എന്ന് പരിശോധിക്കും

2. പബ്ലിഷിംഗ് -ലെ നാല് പ്രീപ്രസ് പ്രവർത്തനങ്ങൾ( ആക്ടിവിറ്റികൾ) എഴുതുക?

**ANS :** A.ഡിസൈനിങ്   B.പ്രീ-ഫ്ലൈറ്റിങ്   C.ക്രിയേറ്റിങ് പ്രൂഫ്   D.പ്രിന്റിങ് പ്ലേറ്റ്സ്

3. ടൈപ്പോഗ്രാഫി നിർവചിക്കുക. **ANS** : ഡോക്യുമെന്റ് വായിക്കാവുന്നതും മനോഹരവുമാക്കുന്നതിനും അക്ഷരങ്ങൾ ക്രമീകരിക്കുന്നതിനുള്ള സാങ്കേതികത.2 തരത്തിലുണ്ട് സാൻസ് സെരിഫ് : പാദങ്ങളില്ലാത്ത ഫോണ്ടുകൾ, സെരിഫ് : പാദങ്ങളുള്ള ഫോണ്ടുകൾ.

4. ഇ-ബുക്ക് റീഡറിനെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക?

**ANS** : ഡിജിറ്റൽ പുസ്തകങ്ങൾ ( ഇ-ബുക്കുകൾ ) വായിക്കുന്നതിനുള്ള ഒരു പോർട്ടബിൾ ഇലക്ട്രോണിക് ഉപകരണമാണ്. ഉദാ : **ആമസോൺ കിൻഡിൽ, ആപ്പിൾ ഐപാഡ്**

5. PDF ഡോക്യൂമെന്റുകൾ വായിക്കാൻ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏതെല്ലാം ?

**ANS** : : അഡോബി റീഡർ, ഫോക്സിറ്റ് , google ക്രോം ,Open Office.org , Nitro PDF

**Chapter 2 :**

1. ലിബ്രെ ഓഫീസ് റൈറ്ററിലെ ഏതെങ്കിലും നാല് നാവിഗേഷൻ കീകൾ ലിസ്റ്റ് ചെയ്യുക?

**ANS :** ആരോ കീ, ഹോം കീ, പേജ് അപ്,പേജ് ഡൌൺ

2. റൈറ്ററിൽ ഒരു ഡോക്യുമെന്റിന്റെ പ്രിന്റ് ഔട്ട് എടുക്കുന്നതിനുള്ള ഘട്ടങ്ങൾ എഴുതുക.

**ANS** : File->Print അല്ലെങ്കിൽ Ctrl+P ഉപയോഗിക്കുന്നു

**Chapter 3 :**

1. റൈറ്ററിൽ ഒരു ചിത്രം ചേർക്കുന്നതിനുള്ള രണ്ട് വഴികൾ എഴുതുക?

**ANS :** Insert -> Image -> From file. / OR  Use standard ToolBar ലെ Image icon

2. ലിബ്രെ ഓഫീസ് റൈറ്റർ ഉപയോഗിച്ച് ഒരു ഡോക്യുമെന്റിൽ ഒരു പട്ടിക സൃഷ്ടിക്കുന്നതിനുള്ള ഘട്ടങ്ങൾ എഴുതുക.

**ANS :** Menu bar -> Insert -> Table അല്ലെങ്കിൽ **Ctrl+F12** പ്രെസ്സ് ചെയ്യുക

**Chapter 4 :**

1. കണ്ടെയ്നർ ടാഗും എംപ്റ്റി ടാഗും തമ്മിലുള്ള വ്യത്യാസം എഴുതുക. ഓരോന്നിനും ഒരു ഉദാഹരണം നൽകുക.

**ANS :** കണ്ടെയ്നർ ടാഗ് : ഓപ്പണിംഗ് ടാഗും ക്ലോസിംഗ് ടാഗും ആവശ്യമുള്ള ടാഗുകൾ. ഉദാഹരണം:: <HTML></HTML>
എംപ്റ്റി ടാഗ് : ഓപ്പണിംഗ് ടാഗ് മാത്രമേയുള്ളൂ. ഉദാഹരണം: : <BR>, <IMG>,<HR>

2. HTML-ലെ ഏതെങ്കിലും നാല് ടെക്സ്റ്റ് ഫോർമാറ്റിംഗ് ടാഗുകൾ പട്ടികപ്പെടുത്തി വിശദീകരിക്കുക?

**ANS :** <B> : **ബോൾഡ് ആക്കുന്നു** , <I> : *ഇറ്റാലിക് ആക്കുന്നു* , <U> <u>അണ്ടർ ലൈൻ നൽകുന്നു,</u> <S>: ~~സ്ട്രൈക്ക് നൽകുന്നു~~

3. എന്താണ് <MARQUEE> ടാഗ് ? <MARQUEE>ടാഗിന്റെ ഏതെങ്കിലും രണ്ട് ആട്രിബ്യൂട്ടുകൾ എഴുതുക?

**ANS :** വെബ് പേജിൽ ടെക്സ്റ്റുകളും ചിത്രങ്ങളും സ്ക്രോൾ ചെയ്യാൻ ഉപയോഗിക്കുന്നു.
ആട്രിബ്യൂട്ടുകൾ : Direction, width, height, Bgcolor. Loop

**Chapter 6 :**

1. CSS ന്റെ ഏതെങ്കിലും രണ്ട് ഗുണങ്ങൾ ലിസ്റ്റ് ചെയ്യുക?

**ANS** : ലേഔട്ട് എളുപ്പത്തിൽ മാറ്റം ,വെബ്പേജിലെ കോഡുകളുടെ എണ്ണംകുറയ്ക്കാം , ബാൻഡ് വിഡ്ത് കുറയ്ക്കാം , വെബ്സൈറ്റിലെ പേജുകൾ എല്ലാ ഒരേപോലെ ദൃശ്യമാക്കാം.

2. CSS -ലെ സ്റ്റൈൽ റൂൾ നിർവചിക്കുക.അതിന്റെ syntax എഴുതുക?

**ANS :** സ്റ്റൈൽ റൂൾ : വെബ്പേജിൽ ടെക്സ്റ്റ്, ചിത്രം, പാരഗ്രാഫ്, ബട്ടൺ etc എങ്ങനെ പ്രദർശിപ്പിക്കണമെന്ന് ബ്രൗസറിൽ നൽകുന്ന നിർദേശം. Syntax : **സെക്ടർ{ പ്രോപ്പർട്ടി:വാല്യൂ;}**

3. CSS ന്റെ പൂർണരൂപം. വെബ് പേജിൽ CSS ഉൾപ്പെടുത്താൻ ഉപയോഗിക്കുന്ന വ്യത്യസ്ത രീതികൾ ഏതെല്ലാം?

**ANS :** ഇൻലൈൻ സ്റ്റൈൽ ഷീറ്റ്, ഇന്റേർണൽ സ്റ്റൈൽ ഷീറ്റ് , എക്സ്റ്റേണൽ സ്റ്റൈൽ ഷീറ്റ്

4. CSS-ലെ ഏതെങ്കിലും രണ്ട് സെലക്ടറുകളെക്കുറിച്ച് ചുരുക്കി വിശദീകരിക്കുക?

**ANS:** യൂണിവേഴ്സൽ സെലക്ടർ : ഒരു HTML പേജിന്റെ എല്ലാ ടാഗ് ഘടകങ്ങൾക്കും ഒരേപോലെ ഡിക്ലറേഷൻ നല്കുന്നതാണിത്. ഉദാഹരണം : *{ color: white;}
ടൈപ്പ് സെലക്ടർ : ഇവിടെ സെലെക്ടർ ആയി ടാഗിന്റെ പേര് നൽകുന്നു. ഉദാഹരണം :: P{ color: white;}

**Chapter 8 :**

1. നിർവചിക്കുക: (എ) ഡിഗ്രി (ബി) കാർഡിനാലിറ്റി

**ANS :** ഡിഗ്രി : റിലേഷനിലെ ആട്രിബ്യൂട്ടുകളുടെ എണ്ണം | കാർഡിനാലിറ്റി : റിലേഷനിലെ ടപ്പിളുകളുടെ എണ്ണം

**Chapter 10 :**

1. ഒരു മൊബൈൽ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനങ്ങൾ ( functions ) എന്തെല്ലാമാണ്?

**ANS :** പ്രോസസ്സ് മാനേജ്മെന്റ്, മെമ്മറി മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ്, സോഫ്റ്റ്‌വെയർ മാനേജ്മെന്റ്

## 1 Mark Questions

CH 1.1: DTP സോഫ്റ്റ്‌വെയറിന് ഒരു ഉദാഹരണം എഴുതുക? : **സ്ക്രിബസ്**

CH 1.2 : PDF ന്റെ പൂർണ്ണ രൂപം എഴുതുക. **പോർട്ടബിൾ ഡോക്യുമെന്റ് ഫോർമാറ്റ്**

CH 1.3 : പ്രിന്റിംഗ് പ്ലേറ്റ് ആവശ്യമില്ലാത്ത പ്രിന്റിംഗ് പ്രക്രിയ. **ഡിജിറ്റൽ പ്രിന്റിംഗ്**

CH 2.1 :Undo പ്രവർത്തനത്തിനുള്ള ഷോർട് -കട്ട് കീ : **Ctrl + Z**

CH 2.2: ഒരു ഫയൽ സേവ് ചെയ്യുന്നതിനുള്ള ഷോർട്ട് കട്ട് കീ ______ ആണ്? **Ctrl+S**

CH 2.3 റൈറ്ററിൽ ______ ചേർക്കുന്നതിനുള്ള ഷോർട്ട് കട്ട് കീ ആണ് Ctrl+F12? **Table**

CH 2.4 എല്ലാ പേജുകളുടെയും മുകളിൽ കാണുന്ന ടെക്സ്റ്റ് ______ ആണ്? **ഹെഡ്ഡർ**

CH 2.5 : OLE എന്നതിന്റെ പൂർണ രൂപം? **ഒബ്ജക്റ്റ് ലിങ്കിംഗ് & എംബെഡ്ഡിങ്**

CH 2.6: ബോൾഡ് ബട്ടൺ___ ടൂൾ ബാറിൽ ഉണ്ട്? (a) Standard (b) Formatting (c) Drawing? **Formatting**

CH 4.1 : HTTPS എന്നാൽ ________ ആണ്? : **Hypertext Transfer Protocol Secure**

CH 4.2: HTML പേജുകൾക്കുള്ളിൽ എഴുതിയിരിക്കുന്ന പ്രോഗ്രാം കോഡുകളാണ്____ ? **Script**

CH 4.3: സോഫ്റ്റ്‌വെയർ പോർട്ട് നമ്പറിൽ ഉപയോഗിക്കുന്ന ബിറ്റുകളുടെ എണ്ണം? **16**

CH 4.4: കൂട്ടത്തിൽ നിന്ന് Empty ടാഗ് തിരഞ്ഞെടുക്കുക: (a) <FONT> (b) <B> (c) <|> (d) <IMG> ? **<IMG>**

CH 5.1: HTML ഫയലിൽ വീഡിയോകളും സംഗീതവും ചേർക്കാൻ ഉപയോഗിക്കുന്ന ടാഗിന് പേര് : **<EMBED> ടാഗ്**

CH 5.2: കൂട്ടത്തിൽ ചേരാത്തത് ഏത്: (a) <DD> (b) <DL> (c) <TH> ? : <TH>

CH 5.2: HTML-ൽ ഹൈപ്പർലിങ്ക് സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന ടാഗ് ഏതാണ്? **<A> ടാഗ്**

CH 5.3 : കൂട്ടത്തിൽ പെടാത്തത് : (a) TABLE (b) TR (c) TH (d) COLSPAN ? **COLSPAN**

CH 5.4 : HTML-ൽ ___ടാഗിന്റെ ആട്രിബ്യൂട്ടാണ് സെൽപാഡിംഗ്? (a) <TR> (b) <TABLE> (c) <TH> (d) <TD> ? : **<TABLE>**

CH 6.1 : ടാഗ് എലമെന്റിന് പകരം '#' ചിഹ്നം ഉപയോഗിക്കുന്ന സെലക്ടർ ഏതാണ്? **ID Selector**

CH 6.2: CSS ഫയൽ ______ എക്സ്റ്റൻഷനിൽ സേവ് ചെയ്യണം? **.CSS**

CH 6.3 : ഒരു External style sheet വെബ്പേജിൽ ഉൾപ്പെടുത്തുന്നതിനുള്ള ടാഗ്_______ആണ്? **<LINK>**

CH 6.4 : വെബ് പേജിലെ ഒരൊറ്റ ഘടകത്തിൽ സ്റ്റൈൽ റൂൾ പ്രയോഗിക്കാൻ ഉപയോഗിക്കുന്ന സെലക്ടർ _____ ആണ്? : **ID**

CH 7.1: വെബ് ഹോസ്റ്റിംഗ് സേവനങ്ങൾ നൽകുന്ന കമ്പനികളെ ________ എന്ന് വിളിക്കുന്നു : **web hosts**

CH 7.2: DNS എന്നാൽ ________ ആണ്? : **Domain Name System**

CH 7.3: CMS പൂർണരൂപം___? **കണ്ടെന്റ് മാനേജ്മന്റ് സിസ്റ്റം**

CH 9.1: SQL-ൽ ഒരു പട്ടിക സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന DDL കമാൻഡ് ആണ്? : **CREATE TABLE**

CH 9.2: GRANT എന്നത് ______ കമാൻഡിന് ഉദാഹരണമാണ്. (a) DDL (b) DML (c) DCL ? **DCL**

CH 10.1: MMS ന്റെ പൂർണരൂപം____? **Multimedia Messaging Service**

CH 10.2: ഭൂമിയിലെ സ്ഥാനങ്ങൾ കണ്ടെത്താൻ ഉപയോഗിക്കുന്ന ഉപഗ്രഹാധിഷ്ഠിത നാവിഗേഷൻ സംവിധാനം? **GPS**

CH 10.3 മൊബൈൽ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന് ഒരു ഉദാഹരണം എഴുതുക? : **ആൻഡ്രോയിഡ്/ios**

CH 10.4: SMS സന്ദേശങ്ങൾ അയയ്ക്കാൻ ഉപയോഗിക്കുന്ന പ്രോട്ടോക്കോൾ ________ ആണ്? **SS7**

CH 10.5: ഐഫോണിനായുള്ള ഓപ്പറേറ്റിംഗ് സിസ്റ്റം iOS വികസിപ്പിച്ചെടുത്തത് _________ ആണ്? **Apple**

CH 10.6: ആൻഡ്രോയിഡ്നായുള്ള ഓപ്പറേറ്റിംഗ് സിസ്റ്റം iOS വികസിപ്പിച്ചെടുത്തത് _________ ആണ്? **Google**

TEACHBOOK.IN